പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5860 — 04.11.2016-ൽ മറുപടിയ്ക്ക്

## റോഡുകളുടെ ഇരുവശത്തുമായി നിർമ്മാണ സാമഗ്രികൾ ഇറക്കിയിടുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ : | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | തിരക്കേറിയ പൊതു റോഡുകളുടെയും നിരത്തുകളുടെയും ഇരുവശത്തുമായി തടിയും മെറ്റൽ, മണൽ, കല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികളും അനധികൃതമായി ഇറക്കിയിട്ട് അപകടങ്ങൾ ക്ഷണിച്ചു വരുത്തി നിരവധി പേരുടെ ജീവൻ പൊലിഞ്ഞതു് ഉൾപ്പെടെയുള്ള ദാരുണ സംഭവങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 ബാധകമാക്കി സ.ഉ.(കൈ)നം.63/16/പൊ.മ.വ തീയതി 03.09.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ചു സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ |

നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH)നേയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B)യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും അവ ഒഴിപ്പിക്കാനുമായുള്ള റോഡ് പരിശോധന, എഞ്ചിനീയർമാർ കൃത്യമായി നടത്തുന്നതിനുമുള്ള കർശന നിർദ്ദേശവും നല്കിയിട്ടുണ്ട്. റോഡു സുരക്ഷ സംബന്ധിച്ച സ്വീകരിച്ച നടപടികളെയും ഇത് സംബന്ധിച്ച ലഭിച്ച പരാതികളുടെ തീർപ്പും സംബന്ധിച്ച വിലയിരുത്തുന്നതിന് മാസന്തോറും എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലുള്ള ഓഫീസർമാരുടെ അവലോകന യോഗം കൂട്ടുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ